
ASIMO
HONDA
little KITEs
ഹൈറയൺ iQ
ലിററിൽ കൈററ്സ്
ഡിജിററൽ മാഗസിൻ
January 2019
19
ഗവ. എച്ച്. എസ്. റിപ്പൺ

# *i9*

school dijital magazine 2018 - 19
littlekites ghs ripon

CHIEF EDITOR
abdul rassakh n
headmaster
STAFF EDITOR
japalal singh j p
BOARD MEMBERS
teachers
abdul salam m p
shijitha v s
jumeena a s
komala valli o
alankar
manjusha m m
littlekites
thajudeen
farsana
safna
ayisha riya
salmath
shana fathima
fidin
niyas
COVER
littlekites ghs ripon
LAYOUT & GRAPHIC DESIGNING
littlekites ghs ripon
PHOTOS
littlekites ghs ripon
SPECIAL THANKS TO
ashif ali k s
pre primary co-ordinator
STATEMENT OF OWNERSHIP AND OTHER PARTICULARS
Place of publication : ghs ripon, vythiri educational subdistrict, wayanad
Publisher’s name : abdul rassakh n, headmaster ghs ripon
Nationality : Indian
address : ghs ripon, ripon p o, meppadi (via), wayanad
ph : 04936 280768



പാദാരവിന്ദങ്ങളിൽ

കഴിഞ്ഞ എഴുപത്തിയാറ് വർഷങ്ങളിലായി വിദ്യാലയചരിത്രത്തിലൂടെ

വിദ്യാലയ വളർച്ചയുടെ പടവുകളിൽ എന്നും ത്യാഗമനസ്സുമായി ഒപ്പം നിന്നവർക്കായ്

സമർപ്പണം.............

## ഇതളുകൾ വിടരുമ്പോൾ


വിദ്യാലയ ചരിത്രം....13
പഠനം ഐ.ടി. യിലൂടെ....14
എസ്.ആർ.ജി....15
ലിറ്റിൽ കൈറ്റ്സ്....16
വിദ്യാരംഗം....18
പ്രവർത്തി പഠനം....19
ആരോഗ്യ കായിക വിദ്യാഭ്യാസം....20
ഭിന്നശേഷി സൗഹൃദവിദ്യാലയം....21
ഉച്ചഭക്ഷണ പദ്ധതി നമ്മുടെ വിദ്യാലയത്തിലും....22
ലൈബ്രറി....23
ജുമാനയുടെ കവിതകൾ....25
രണ്ട് കുടങ്ങൾ....28
കൂട്ട സഞ്ചാരി....29
ഉപ്പ....30
പ്രളയം....31
ധിക്കാരി കുതിര....32
വനം....33
പി.ടി.എ & സ്റ്റാഫ്....34
അഭിനന്ദനങ്ങൾ !....35
വ്യഥ....36
നാൾവഴികളിലൂടെ....37
നന്മ....41
സ്നേഹ ത്തൂവൽ....42
പെരുന്നാൾ വിശേഷം....44
മൂന്ന് നരികളുടെ കഥ....45
പൂക്കളുടെ ലോകം....47
കുട്ടികൾ വരച്ച ചിത്രങ്ങൾ....48
life....50



## ആശംസ.......

ഗവ.ഹൈസ്കൂൾ റിപ്പണിലെ ഐറ്റി ക്ലബ്ബായ ലിറ്റിൽ കൈറ്റ്സ് പുറത്തിറക്കുന്ന ഐനയൺ എന്ന സ്കൂൾ ഡിജിറ്റൽ മാഗസിനിലേക്ക് എന്റെ ആശംസകൾ.

ആശംസകളോടെ,

റസിയ ഹംസ

വാർഡ്മെമ്പർ



## ആശംസ........

റിപ്പൺ ഗവൺമെന്റ് ഹൈസ്കൂളിന്റെ പാഠ്യേതര പ്രവർത്തനങ്ങളുടെ ഭാഗമായി ലിറ്റിൽകൈറ്റ്സിന്റെ ഐനയൺ എന്ന ഡിജിറ്റൽ മാഗസിൻ പ്രകാശനം ചെയ്യപ്പെടുന്നതിൽ സന്തോഷമുണ്ട്. ആധുനിക ലോകം പുരോഗതിയിലേക്ക് കുതിച്ച്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നമുക്കും ഒപ്പെ സഞ്ചരിക്കാം. ഐ.ടി യുഗത്തിലേക്ക് ജീവിതം വഴിമാറിയ വർത്തമാനകാലത്തിന്റെ മുഖചായക്ക് മാറ്റുകൂട്ടുന്നതിൽ നമ്മുടെ വിദ്യാർത്ഥികളെയും പ്രാപ്തരാക്കേണ്ടതുണ്ട് ഇന്റർനെറ്റെന്ന മഹാൽഭുതത്തിന്റെ ചക്രവാളങ്ങൾ വികസിച്ച കൊണ്ടിരിക്കുമ്പോൾ ഓരോ വിദ്യാർത്ഥിയുടെയും കൈവിരൽത്തുമ്പിലേക്ക് ലോകം ഒതുങ്ങിയിരിക്കുന്നു. അതിന്റെ ഭാഗമായി സ്കൂൾ കാലഘട്ടത്തിൽ തന്നെ വിദ്യാർത്ഥികളെയും ഈ മേഖലയിലേക്ക് കൈപിടിച്ച് ഉയർത്തി അവരുടെ അറിവിനെ വിശാലമാക്കാൻ നമ്മുടെ ക്ലാസ് മുറികൾ ഹൈടെക് സംവിധാനത്തിലേക്ക് ഉയർത്തികൊണ്ടുവരാനുള്ള പദ്ധതി നടന്നുവരികയാണല്ലോ. അതിന്റെ ഭാഗമായി ഹൈടെക്ക് ക്ലാസ്മുറികളെ പരിചയപ്പെയുത്തുന്നതിനും കൃത്യമായി അത് കൈകാര്യം ചെയ്യുന്നതിനും വിദ്യാർത്ഥികൾക്കിടയിൽ നിന്നും ഒരു വിഭാഗത്തെ സജ്ജരാക്കാമെന്ന ലക്ഷ്യത്തോടെ രൂപം നൽകിയ ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബിന്റെ ഈ മാഗസിൻ നിങ്ങളുടെ അറിവിന് ഊർജ്ജം പകരട്ടെയെന്ന് ആശംസിക്കുന്നു....

സ്നേഹപൂർവ്വം,
ജാഫർ ചോലക്കൽ
പി.ടി.എ പ്രസിഡന്റ്

# GOVT. HIGH SCHOOL RIPPON

Rippon (po) meppadi wayanad
Vythiri Educational Subdistrict

Ph:04936280768 ghsripon@gmail.com

## ആശംസ........



പാഠ്യവിഷയങ്ങൾ കേട്ട് പഠിക്കുന്നതിൽനിന്നും വ്യത്യസ്തമായി വിശദമായ കണ്ടറിവിലൂടെ ഹൃദിസ്തമാക്കുന്നതിന് പഠനപ്രക്രിയയിൽ ഹൈടെക് സഹായം ഒഴിച്ചുകൂടാനാവാത്ത ഒരു കാലഘട്ടമാണിത്. നമ്മുടെവിദ്യാലയത്തിലും സ്കൂൾവിഭാഗം പൂർണ്ണമായും ഹൈടെക് സംവിധാനത്തിലാണ് എന്നത് അഭിമാനമാണ്. കേരളസംസ്ഥാനം മുഴുവൻ ഹൈസ്കൂളുകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ലിററിൽ കൈററ്സ് എന്ന കുട്ടികളുടെ ഏററവും വലിയ ഐ.ടി. കൂട്ടായ്മ നമ്മുടെ വിദ്യാലയത്തിലും പ്രവർത്തിക്കുന്നത് ഈ നാടിന് ലഭിച്ച ഒരു അംഗീകാരം കൂടിയാണ്. ലിററിൽ കൈററ്സിന്റെ നേതൃത്വത്തിൽ 2018/19 അധ്യയനവർഷത്തിലെ വിദ്യാലയ ഡിജിററൽ മാഗസിൻ തയ്യാറാക്കുന്നതിന് പിന്നിൽ പ്രവർത്തിച്ച ലിററിൽ കൈററ്സ് അണിയറപ്രവർത്തകർക്ക് അഭിനന്ദനങ്ങളും ഒപ്പം ഡിജിററൽ മാഗസിന് എല്ലാവിധ വിജയാശംസകളും നേരുന്നു.

സ്നേഹപൂർവ്വം,

ശ്രീ അബ്ദുൽ റസാഖ് എൻ

ഹെഡ്മാസ്റ്റർ

# അണിയറയിൽ
# ലിറ്റിൽ കൈറ്റ്സ്



## മുഖക്കുറിപ്പ്.......



നമ്മുടെ വിദ്യാലയത്തിലെ ലിററിൽ കൈററ്സിന്റെ നേതൃത്വത്തിൽ ഐനയൺ എന്ന പേരിൽ ഒരു വിദ്യാലയ ഡിജിററൽ മാഗസിൻ പുറത്തിറക്കുന്നതിന് ഓരോ ലിററിൽ കൈററ്സിനും വേണ്ട നിർദ്ദേശങ്ങൾ നൽകിയ കൈററ്സ് മാസ്റ്റർ ശ്രി. ജപലാൽ സിംഗ് കൈററ്സ് മിസ്ട്രസ് ശ്രീമതി. ഷിജിത എന്നീ അധ്യാപകരുടെ സേവനങ്ങൾ അഭിനന്ദനീയമാണ്. ഒൻപതാം ക്ലാസിലെ തെരെഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് മികച്ച ഐ.ടി. പരിശീലനത്തോടൊപ്പം ഗ്രേസ് മാർക്കിനുള്ള അവസരവും കൂടി ലഭിക്കുന്ന ഇത്തരം ക്രിയാത്മക പ്രവർത്തനങ്ങൾ വരും വർഷങ്ങളിലും തുടരട്ടെ. ഐനയൺ ഡിജിററൽ മാഗസിന് ആശംസകൾ.

താജുദ്ദീൻ
സ്റ്റുഡന്റ് എഡിററർ

# എഡിറ്റോറിയൽ

ഋതുഭേദങ്ങളില്ലാതെ പൊഴിയുന്ന ആശയാവലികളെ കോർത്തിണക്കി
പുത്തൻ ഭാവത്തിൽ ആവിഷ്കരിക്കുകയെന്നത്
അറിവിന്റെ നെറുകയിൽ വിഹഗസഞ്ചാരം നടത്തുന്ന
മാനവന്റെ വർത്തനമാണ്.
ഹൈടെക് പഠനതലത്തിലൂടെ
ഗമിച്ചുകൊണ്ടിരിക്കുന്ന
ഈ വിദ്യാലയത്തിന്റെ
പുരോഗതിയുടെ ചരിത്രം അഭിമാനപൂരിതം !
ഇവിടുത്തെ പാഠ്യപഠ്യേതരവിഷയങ്ങൾക്ക് പറയാനുള്ളത്
നേരറിവുകളും !
സമഗ്രസംക്ഷിപ്തരൂപത്തിൽ ചാലിച്ചെടുത്ത
പച്ചയായ വിദ്യാലയപ്രക്രിയകളെ തുറന്നുകാട്ടി
പ്രതിഫലിപ്പിക്കാൻ
ഈ ഡിജിററൽ മാഗസിൻ
അറിവിന്റെ കുളിർമഴയായി പെയ്യട്ടെ ....





ജപലാൽ സിംഗ് ജെ..പി
സ്റ്റാഫ് എഡിററർ

# വിദ്യാലയ ചരിത്രം



കോമളവല്ലി ഒ

അധ്യാപിക

ബ്രിട്ടീഷ് അധിനിവേശത്തിന്റെ ചരിത്രങ്ങൾ ഉറങ്ങിക്കിടക്കുന്ന പ്രകൃതിസുന്ദരമായ തേയിലക്കാടുകൾക്കും ദൈന്യതവിളിച്ചോതുന്ന പാടികൾക്കും നടുവിലായി സ്ഥിതിചെയ്യുന്നതാണ് ഗവ. ഹൈസ്കൂൾ റിപ്പൺ . വിളിയ്ക്കാതെ കടന്നെത്തുന്ന മാനുകളെയും മയിലുകളെയും കാട്ടാടുകളെയും കാണുന്ന വിശാലമായ കളിസ്ഥലം വിദ്യാലയത്തിനു പുറകുവശത്ത്. കോടമഞ്ഞിന്റെ തണുത്തകുളിരുകോരിയുള്ള പ്രഭാതങ്ങളും കമ്പിളിക്കുപ്പായങ്ങൾ ധരിച്ചെത്തുന്ന നിഷ്കളങ്കരായ പഠിതാക്കളും. വയനാടിന്റെ മണ്ണിൽ ജീവിതം നയിക്കാൻ വിയർപ്പൊഴുക്കുന്ന സാധാരണ മനുഷ്യർ. അക്ഷരങ്ങളും അറിവും ആയുധമാക്കി മുന്നേറുന്ന ഇവിടത്തെ പുതുതലമുറ ഈ വിദ്യാലയത്തിന്റെ സമ്പത്താ ണ്. സാമൂഹികമായും സാമ്പത്തികമായും പിന്നിൽ നിന്നിരുന്ന ഈ പ്രദേശത്തിലെ തലമുറകൾക്ക് ആധുനികവിദ്യാഭ്യാസത്തിന്റെ ദീപം പകർന്നു നൽകിക്കൊണ്ട് ചെറിയ വാഹനങ്ങളും ഒന്നോരണ്ടോ ബസുകളും മാത്രം കടന്നുപോകുന്ന റോഡിനരികിലായിരാജകീയപ്രൗഢിയോടെ തലയുയർത്തി നിൽക്കുന്നതാണ് ഗവ. ഹൈസ്കൂൾ റിപ്പൺ .

1942 മുതൽ മദ്രാസ് ഗവണ്മെന്റിന്റെ കീഴിൽ പോഡാർ പ്ലാന്റേഷൻ നടത്തിവന്നിരുന്ന വിദ്യാലയത്തിൽ ഒന്നുവരെ നാലു ക്ലാസുകളിലായി ഇരുന്നൂറ് വിദ്യാർഥികളും നാല് അധ്യാപകരും ഉണ്ടായിരുന്നു. സാമ്പത്തിക ബാധ്യതയുടെ പേരിൽ എസ്റ്റേററ് ഈ വിദ്യാലയം നിർത്തലാക്കാൻ ആരംഭിച്ചപ്പോൾ 1982 ൽ എം ഇ എസ് ഈ വിദ്യാലയം ഏറെറടുത്ത് പ്രവർത്തനമാരംഭിച്ചു. നാട്ടുകാരുടെയും രക്ഷിതാക്കളുടെയും ശ്രമഫലമായി 1991 ജനുവരി 5 ന് കലക്ടർ എക്സ് ഒഫീഷ്യോ മാനേജരായി 5 വർഷത്തേക്ക് വിദ്യാലയം സർക്കാർ ഏറെറടുത്തു. റിപ്പൺ എസ്റ്റേററ് എൽ. പി. സ്കൂൾ എന്ന പേരിൽത്തന്നെ തുടർന്നു വന്നു.

അപ്പർ പ്രൈമറി വിദ്യാലയമായി ഉയർത്തണമെങ്കിൽ കളിസ്ഥലം ആവശ്യമായതിനാൽ രക്ഷിതാക്കളുടെയും നാട്ടുകാരുടെയും രാഷ്ട്രീയപ്രവർത്തകരുടെയും പരിശ്രമത്താൽ പോഡാർ പ്ലാന്റേഷൻ മൂന്നരഏക്കർ സ്ഥലം വിദ്യാലയത്തിന് അനുവദിക്കുകയും ചെയ്തു. 2013 ഫെബ്രുവരി 5 ന് പൂർണ്ണമായും സർക്കാർ യു. പി. വിദ്യാലയമായി അപ്ഗ്രേഡ് ചെയ്ത് ആറാംക്ലാസ് ആരംഭിക്കുകയും ഗവണ്മെന്റ് എൽ. പി ആന്റ് യു. പി സ്കൂൾ റിപ്പൺ എന്നായി മാറുകയും ചെയ്തു. ഇരട്ടിമധുരം പോലെ 2013 ആഗസ്റ്റ് 5 ന് ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യുകയും എട്ടാംക്ലാസ് ആരംഭിക്കുകയും ചെയ്തു. എന്നാൽ യു. പി. സ്കൂൾ ഹെഡ്മാസ്റ്ററുടെ കീഴിലായിരുന്നു പ്രവർത്തനം നടന്നുകൊണ്ടിരുന്നത്. തുടർന്നുള്ള വർഷങ്ങളിൽ ഒൻപത് പത്ത് ക്ലാസുകൾ ആരംഭിച്ച് പൂർണ്ണമായും ഗവ. ഹൈസ്കൂൾ റിപ്പൺ ആയി ഒന്നു മുതൽ പത്ത് വരെ ക്ലാസുകളിലായി 640 വിദ്യാർഥികളും 32 അധ്യാപകരും 4 അന ധ്യാപകരും ഒരു ഹൈസ്കൂൾ ഹെഡ്മാസ്റ്ററുമുള്ള ഒരു വിദ്യാലയമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ഇന്ന് നാടിനൊപ്പം ഈ വിദ്യാലയവും മാററത്തിന്റെ പാതയിലാണ് . ആത്മാർത്ഥതയുള്ള അധ്യാപകരും അവരെ പി ന്തുണയ്ക്കുന്ന നാടും നൽകുന്ന കരുത്തിൽ രക്ഷിതാക്കളാഗ്രഹിക്കുന്ന രീതിയിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം വിദ്യാർത്ഥിയുടെ അവകാശം എന്ന ലക്ഷ്യത്തോടൊപ്പം സഞ്ചരിക്കാൻ ആത്മാർത്ഥമായി പരിശ്രമിക്കുകയാണ് . അറിവുകൾ അന്വേഷിക്കുന്നതിനും കണ്ടെത്തുന്നതിനും നേടിയ അറിവുകളും അനുഭവങ്ങളും ജീവിതത്തിന്റെ വിജയത്തിനും പ്രയോജനപ്പെടുത്തുന്നതോടൊപ്പം സമൂഹവുമായി ഇടപഴകുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും നമുക്കൊത്തൊരുമിച്ച് ഈ വിദ്യാലയത്തെ ശക്തിപ്പെടുത്താം

# പഠനം ഐ.ടി. യിലൂടെ



അബ്ദുൾസലാം എം. പി.
എസ്. ഐ. ററി. സി.

മാനവസമൂഹപുരോഗതിയിൽ നിർണ്ണായക പങ്ക് ലഭിക്കുന്ന പ്രധാന ഘടകമാണ് വിദ്യാഭ്യാസം. മനുഷ്യമനസുകളെ ശക്തിപ്പെടുത്തുവാനും വൈവിധ്യസുന്ദരമാക്കാനും വിദ്യാഭ്യാസം അനിവാര്യമാണ്. വാക്കുകൾകൊണ്ട് നിർവചിക്കാൻ കഴിയാത്ത ധർമ്മമാണ് വിദ്യാഭ്യാസം നിർവഹിക്കുന്നത്. ആയതിനാൽ തന്നെ പണ്ടുകാലം മുതൽ ഈ ആധുനികകാലം വരെയും വിദ്യാഭ്യാസമേഖലയിൽ സമൂലമായ പരിവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

വിദ്യാർത്ഥികൾക്ക് പഠനം രസകരവും എളുപ്പവുമാക്കാൻ എത്രകണ്ട് സാധ്യമാകുമോ അത്രയും മാററങ്ങൾ വളരെപ്പെട്ടെന്ന് വന്നുകൊണ്ടിരിക്കുന്നു. നാം കേട്ട് പഠിക്കുന്നത് മറന്നുപോകും കണ്ട് പഠിക്കുന്നത് ഓർമ്മിക്കും പ്രവർത്തിച്ച് പഠിക്കുന്നത് ശരിക്കും മനസ്സിലാവും എന്നത് യാഥാർത്ഥ്യമാക്കുവാൻ സാങ്കേതികവിദ്യയ്ക്ക് പുതിയ പ ഠ്യപദ്ധതിയിൽ ഊന്നൽ നൽകിയിട്ടുണ്ട്. ഇന്ന് കേരളത്തിലെ എല്ലാ വിദ്യാലയങ്ങളിലും ഹൈടെക് ക്ലാസ്റൂമുകളും കമ്പ്യൂട്ടർ സാങ്കേതികവിദ്യകളും ഉപയോഗിച്ചുകൊണ്ടാണ് ക്ലാസ് പ്രവർത്തനങ്ങൾ സജീവമാക്കിക്കൊണ്ടിരിക്കുന്നത്. സെക്കണ്ടറി വിദ്യാഭ്യാസമേഖലയിലെ മുഴുവൻ ക്ലാസ് മുറികളും ഹൈടെക് ക്ലാസ്മുറികളിലേക്ക് വഴിമാറിയിരിക്കുന്നു.

നമ്മുടെ വിദ്യാലയവും ഹൈടെക് ആയതിന്റെ ഭാഗമായി കൈററ് വയനാട് മുഖേന എല്ലാ ക്ലാസ് മുറികളിലും എൽ. സി. ഡി. പ്രൊജക്ടർ, ലാപ്ടോപ്, സ്ക്രീൻ, സ്പീക്കർ, പ്രവർത്തനസജ്ജമായ കമ്പ്യൂട്ടർ ലാബ്, ഇന്റർനെററ് കണക്ഷൻ, എൽ. സി. ഡി. ടി. വി., ഡി. എസ്. എൽ. ആർ. ക്യാമറ, ലിററിൽ കൈററ്സ് ഐ. ടി. കൂട്ടായ്മ തുടങ്ങിയവ ഉപയോഗിച്ച് പഠനപ്രവർത്തനങ്ങൾ ലളിതവും രസകരവും ഉപകാരപ്രദവുമാക്കാൻ സാധിക്കുന്നുണ്ട്. കുടാതെ എല്ലാവിദ്യാർത്ഥികൾക്കും കമ്പ്യൂട്ടർ പരിജ്ഞാനം നേടിയെടുക്കാനും കഴിയുന്നുണ്ട്.

# എസ്.ആർ.ജി



**ജുമീന. എ. എസ്.**
എസ്. ആർ. ജി. കൺവീനർ

ഗവ. എച്ച്. എസ്. റിപ്പണിൽ പ്രധാനാധ്യാപകന്റെ നേതൃത്വത്തിൽ പദ്ധതിബദ്ധവും സയനിഷ്ഠവുമായ സ്കൂൾ റിസോർസ്ഗ്രൂപ്പ് കർമ്മനിരതമായി തുടരുന്നു. പഠനപ്രക്രിയ കാര്യക്ഷമമായി ഫലപ്രാപ്തിയിലെത്തിക്കുവാനും വിവിധ പഠ്യപാഠ്യേതര വിഷയങ്ങളിലെ സങ്കീർണ്ണതകൾ ലഘൂകരിച്ച് വിദ്യാർത്ഥികൾക്ക് ആസ്വാദ്യകരമായ പഠനാന്തരീക്ഷം ഉറപ്പിക്കുകയും വിദ്യാർത്ഥികളെ മേന്മ മികവ് എന്നീ നിലവാരത്തിലേക്ക് എത്തിക്കുകയം ചെയ്യുന്നതിന് ഓരോ മാസവും വിവിധ സാഹിത്യ ശാസ്ത്ര സാസ്കാരിക നൈതിക പ്രാധാന്യമുള്ള ദിനാചരണങ്ങളിലൂടെ വിദ്യാർത്ഥികളുടെ നിറസാനിധ്യവും പൂർണ്ണപങ്കാളിത്തവും സൃഷ്ടിച്ചുകൊണ്ട് കുട്ടികളെ സമൂഹത്തിനും ദേശത്തിനും ഭാവിവാഗ്ദാനമാക്കുന്നതിന് വിദ്യാലയങ്ങളിൽ അധ്യാപകരുടെ കൂട്ടായ്മയിൽ നിശ്ചിതമാർഗ്ഗരേഖയിലൂടെ അധ്യാപനം മികവുററതാക്കാൻ സംഘടിപ്പിക്കുന്ന ഒരു സപര്യയാണ എസ്. ആർ. ജി. പരിസ്ഥിതിദിനം, വായനാവാരാചരണം, ബഷീർ അനുസ്മരണം, ഹലോ ഇംഗ്ലീഷ്, ജാഗ്രതാകമ്മിററി, വിദ്യാലയ അച്ചടക്കം, ജൈവവൈവിധ്യ ഉദ്യാനം, കായികമേള, കലാമേള, വിജയജ്വാല, സ്കൗട്ട് ആന്റ് ഗൈഡ്സ്, ലിററിൽ കൈററ്സ്, ഹിന്ദി ദിനം, അറബിക് ദിനം, പത്താംതരം മോർണിംഗ് ആന്റ് ഈവനിംഗ് ക്ലാസുകൾ, ഓണാഘോഷം, ഗാന്ധിജയന്തി, ശിശുദിനം, മലയാളത്തിളക്കം, ശ്രദ്ധ, വിദ്യാരംഗം സബ്ജില്ല ശിൽപശാല, പ്രത്യേക അസംബ്ലികൾ  തുടങ്ങി നിരവധി വൈവിധ്യമാർന്ന വിദ്യാർത്ഥികളുടെ പങ്കാളിത്തത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പ്രവർത്തനപദ്ധതികൾ എസ്. ആർ. ജി. യുടെ നേതൃത്വത്തിൽ  ചെയ്ത് പോരുന്നു.

# ലിറ്റിൽ കൈറ്റ്സ്



ഷിജിത വി എസ്
കൈററ് മിസ്ട്രസ്



ജപലാൽ സിംഗ് ജെ പി
കൈററ് മാസ്റ്റർ

അറിവ് മറെറാരാളിൽ നിന്നും പകർന്നുകിട്ടുക എന്നതിലപ്പുറം ഓരോരുത്തരും സ്വയം നിർമ്മിക്കേണ്ടതാണെന്നുള്ള തിരിച്ചറിവിൽ നിന്നുമാണ് ലിററിൽ കൈററ്സ് എന്നുള്ള കുട്ടികളുടെ ഐ. ടി. കൂട്ടായ്മ ഹൈടെക് സാധ്യത പ്രയോജനപ്പെടുത്തി പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയിട്ടുള്ളത്. ഇതിലൂടെ പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ വിദ്യാഭ്യാസമാണ് ലക്ഷ്യമാക്കുന്നത്. വിവരവിനിമയ സാങ്കേതികവിദ്യയുടെ അനന്തമായ വാതായനങ്ങൾ വിദ്യാർത്ഥികൾക്കുമുൻപിൽ തുറന്നുകൊടുക്കുക എന്നതാണ് ഈ പഠനപദ്ധതിയിലൂടെ അർത്ഥമാക്കുന്നത്.

ലിററിൽ കൈററ്സ് അംഗമായ വിദ്യാർത്ഥിക്ക് പരിശീലനകാലയളവിൽ വൈവിധ്യമാർന്ന പരിശീലന പ്രവർത്തനങ്ങളിലൂടെ കടന്നുപോകാനുള്ള അവസരം ലഭിക്കുന്നു. ഗ്രാഫിക്സ് & അനിമേഷൻ, സ്ക്രാച്ച് പ്രോഗ്രാമിംഗ്, പൈത്തൺ പ്രോഗ്രാമിംഗ്, മൊബൈൽ ആപ്പ് നിർമ്മാണം, റോബോട്ടിക്സ്, ് ഇലക്ട്രോണിക്സ്, ഹാർഡ് വെയർ, മലയാളം കംമ്പ്യൂട്ടിങ്ങും ഡെസ്ക്ടോപ്പ് പബ്ലിഷിങ്ങും, ഇന്റെർനെററും സൈബർ സുരക്ഷയും എന്നിങ്ങനെ വിവിധ മേഖലകൾ ഉൾപ്പെടുത്തിയ യൂണിററുതല പരിശീലനം ഓരോകുട്ടിക്കും തനിക്കുയോജിച്ച മേഖലയിൽ വൈവിധ്യം നേടുന്നതിന് അവരെ പ്രാപ്തരാക്കുന്നു. ഒൻപതാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമായുള്ള ലിററിൽ കൈററ്സിലൂടെ പത്താം ക്ലാസിൽ ഗ്രേയ്സ് മാർക്ക് ലഭിക്കും എന്നത് വിദ്യാലയത്തിൽ ലിററിൽ കൈററ്സിന്റെ പ്രാധാന്യം വർധിപ്പിക്കുന്നു.

നമ്മുടെ വിദ്യാലയത്തിലും അത്തരത്തിൽ തെരെഞ്ഞെടുക്കപ്പെട്ട 28 വിദ്യാർത്ഥികളും വിവിധ മേഖലകളിൽ മികച്ച പ്രകടനം കാഴച്ചവെയ്ക്കുന്നു എന്നത് വളരെയധികം അഭിമാനാർഹമായ കാര്യമാണ്. ലിററിൽ കൈററ്സ് സബ്ജില്ലാതല ക്യാമ്പിൽ നിന്നും അനിമേഷൻ വിഭാഗത്തിൽ ജില്ലാതലക്യാമ്പിലേക്ക് ഒൻപതാം ക്ലാസിൽ പഠിക്കുന്ന മൻസൂർ പി എന്ന മിടുക്കന് സെലക്ഷൻ ലഭിച്ചു എന്നത് നമ്മുടെ വിദ്യാലയത്തിന്റെ യശസ്സുയർത്തുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ വിദ്യാർത്ഥികളുടെ നിലവാരം ഉയർത്തുന്ന തരത്തിലേക്ക് എത്തിയിരിക്കുന്നു. സ്കൂൾവിക്കി, സ്കൂൾ ഡിജിററൽ മാഗസിൻ, വിദ്യാലയതല പ്രത്യേകപരിപാടികളുടെ വീഡിയോ എഡിററിംഗ് തുടങ്ങിയ ക്രിയാത്മകമായ പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ഗവ. എച്ച്. എസ്സ്. റിപ്പണിലെ ലിററിൽ കൈററ്സിന്റെ പ്രയാണം ഇനിയും യശസ്സിലേക്കുയരട്ടെ.

# വിദ്യാരംഗം



അലങ്കാർ
,വിദ്യാരംഗം കൺവീനർ

മനുഷ്യജീവിതത്തിലെ വസന്തകാലമാണ് കുട്ടിക്കാലം. വിദ്യാരംഭം മുതൽ നിരവധി നിറമാർന്ന പഠനാനുഭവങ്ങൾകൊണ്ടും പരിശീലന പരിപാടികൾകൊണ്ടും സന്തോഷഭരിതമായ ഒരു വിജ്ഞാനോത്സവം വിദ്യാർത്ഥികൾക്ക് വിദ്യരംഗം കലാസാഹിത്യവേദി സമ്മാനിക്കുന്നു. വിദ്യാർത്ഥിയുടെ ഊർജ്ജസ്വലവും ക്രിയാത്മകവുമായ മനസ്സിനെ കലാസാഹിത്യ സമ്പന്നമാക്കുന്നതിനും അവരുടെ സർഗ്ഗസൃഷ്ടികളെ അനുമോദനാർഹമാക്കുന്നതിനും വേണ്ടിയുള്ള സുവർണ്ണാവസരമാണ് വിദ്യാലയങ്ങളിൽ വിദ്യരംഗം കലാസാഹിത്യവേദി ഒരുക്കുന്നത്. വിദ്യാർത്ഥികളുടെ വിഭിന്ന വിചിത്രാവതരണങ്ങൾക്കും രചനകൾക്കും കൃ ത്യതയും രൂപഭാവനയും കരുപിടിപ്പിക്കുന്നതിനും തുടർപ്രവർത്തനങ്ങളുടെ സ്വാധീനചലനങ്ങൾ വിദ്യാരംഗത്തിൽ അംഗങ്ങളല്ലാത്ത വിദ്യാർത്ഥികളിലും പരിപോഷിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും കൂടിയുള്ള സമ്മോഹനാന്തരീക്ഷം കൂടി വിദ്യരംഗം കലാസാഹിത്യവേദിയിലുണ്ട്.

ഈ അധ്യായനവർഷം ജി എച്ച് എസ് റിപ്പണിൽ വച്ച് നടന്ന വൈത്തിരി ഉപജില്ലാതല വിദ്യാരംഗം ശിൽപശാലയിൽ നമ്മുടെ വിദ്യാർത്ഥികൾ മികച്ചപ്രകടനം കാഴ്ചവച്ചു. യു പി വിഭാഗം കവിതാലാപനത്തിൽ ഇർഫാന ഷെറിൻ ജില്ലാതലത്തിലേക്ക് സെലക്ഷൻ നേടി.

വരയും കുറിയും, രചനയും ലയതാള സ്വരലഹരിയുടെയും വശ്യചാരുതയിൽ പാഠ്യവിഷയങ്ങൾപോലും അതീവ ഹൃദ്യവും രസകരവുമാക്കിമാററിക്കൊണ്ട് ജി എച്ച് എസ് റിപ്പണിൽ വിജയത്തിന്റെ പുതിയ വീചികൾ തുറന്നുകൊണ്ട് വിദ്യരംഗം കലാസാഹിത്യവേദി സജീവമാണ്.

# പ്രവർത്തി പഠനം



രജിത കെ
പ്രവൃത്തി പഠന അധ്യാപിക

വിദ്യാലയം, വീട്, കൃഷിസ്ഥലം, തൊഴിൽശാല, വ്യവസായശാല എന്നിവിടങ്ങളിൽ നടക്കുന്ന ഉത്പാദനപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതാണ പ്രവൃത്തിപഠനം. പഠനവും പ്രവൃത്തിയും ഒരുമിച്ചുചേരുമ്പോഴാണ് കർഷകവൃത്തിയോടും കായികാധ്വാനത്തോടും ബഹുമാനമുള്ള ഒരു തലമുറ വളർന്നുവരികയുള്ളൂ. ഇത് രാഷ്ട്രപുരോഗതിയുടെ അടിസ്ഥാനഘടകമാണ് . കുട്ടികൾ സ്വതവേ പ്രവർത്തനങ്ങൾ ചെയ്യാൻ ഇഷ്ടപ്പെടുന്നവരാണ്. കളിപ്പാട്ടങ്ങൾ, കൗതുകവസ്തുക്കൾ, പഠനോപകരണങ്ങൾ, അലങ്കാരവസ്തുക്കൾ, ഉപയോഗയോഗ്യമായ വസ്തുക്കൾ എന്നിവ സ്വന്തമായി നിർമ്മിക്കുന്നത് കുട്ടികൾക്ക് സന്തോഷകരവും വിജ് ഞാന പ്രദവുമാണ് . കുട്ടികളിലെ ഈ പ്രകൃതം ഇതരവിഷയങ്ങളുമായി ബന്ധപ്പെടുത്തി പ്രവർത്തനങ്ങൾ ചെയ്യുന്നതിലേക്ക് നയിച്ചാൽ പഠനത്തിൽ താത്പര്യം വർദ്ധിക്കുകയും ബഹുമുഖ ബുദ്ധിവികാസത്തിന് വഴിതെളിയിക്കുകയും ചെയ്യും.

ഈ വിദ്യാലയത്തിലെ പ്രവൃത്തിപഠനത്തിന്റെ ഭാഗമായി ശുചീകരണപ്രവർത്തനത്തിനാവശ്യമായ വസ്തുക്കളുടെ നിർമ്മാണം, ഡിററർജെന്റ്, ഫേബ്രിക് പെയിന്റ്, അലങ്കാര തുന്നൽ, വിവിധതരം അലങ്കാര വസ്തുക്കളുടെ നിർമ്മാണം, പൂക്കൾ, തോരണം, നക്ഷത്രം, മുള ഉത്പന്നം, ത്രെഡ് പാറേറൺ, പപ്പററ്, ടോയ്സ്, പ്രകൃതിദത്ത നാരുകളുടെ ഉത്പന്നം, ചിരട്ട ഉത്പന്നങ്ങൾ, ചോക്ക് നിർമ്മാണം, നോട്ട് ബുക്ക് നിർമ്മാണം, ചന്ദനത്തിരി, ബാഗ്, കുട, ചവിട്ടി, മെററൽ ഇൻ ഗ്രേവിംഗ് എന്നിവ പരിശീലിപ്പിക്കുന്നു.

# ആരോഗ്യ കായിക വിദ്യാഭ്യാസം



*നിത കെ ററി*
*കായിക അധ്യാപിക*

പഠിതാവിന്റെ ആരോഗ്യ കായിക വികസന ഘട്ടങ്ങളെ ശാസ്ത്രീയമായി പോഷിപ്പിക്കുകയും ആരോഗ്യകരമായ ജീവിത ശീലങ്ങളും മനോഭാവങ്ങളും വളർത്തുകയും കായിക പ്രവർത്തനങ്ങളിലൂടെയും കളികളിലുടെയും മാനസികോല്ലാസവും ശരീരികാരോഗ്യവും വ്യക്തിയിലും പൊതുസമൂഹത്തിലും ഉറപ്പാക്കുക എന്നതാണ് . ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

ഈ വിദ്യാലയത്തിൽ, കായിക വിദ്യാഭ്യാസത്തിൽ ഏററവും പ്രാധാന്യമർഹിക്കുന്ന അച്ചടക്കം, കൃത്യത, സമയനിഷ്ഠത എന്നിവയെക്കുറിച്ച് ബോധന്മാരാക്കുന്നു. ശരീരാവബോധം, സുരക്ഷിതത്വപ്രവർത്തികൾ, ആഹാരവും പോഷകവും, പ്രഥമശുശ്രൂഷ, യോഗാസനങ്ങൾ എന്നിവയെക്കുറിച്ചെല്ലാം ക്ലാസുകൾ കൊടുക്കുന്നു. പഠിതാക്കളുടെ താളാത്മകതയും ചലനശേഷിയും ഏകാഗ്രതയും വർധിക്കുന്നതിനായി എയ്റോബിക്സ് എക്സസൈസ് നൽകിവരുന്നു. മൈനർ ഗയിംസ്, മത്സര കളികൾ, അവയുടെ നിയമങ്ങൾ, കോർട്ടുകൾ എന്നിവ പരിചയപ്പെട്ടു. ഖോ ഖോ, സോഫ്ററ് ബോൾ എന്നീ രണ്ട് പുതിയ ഗയിമുകൾ ആദ്യമായി ഈ വർഷം വിദ്യാർത്ഥികൾ പരിചയപ്പെട്ടു. തികച്ചും ശരീരിക പ്രയത്നം കൊണ്ടും ബുദ്ധികൊണ്ടും കളിക്കാവുന്ന ഖോ ഖോ കളിയിൽ സബ്ജില്ലയിൽ മൂന്നാംസ്ഥാനം നേടി. അസോസിയേഷൻ ഖോ ഖോ മത്സരത്തിൽ ജില്ലാ ടീമിലേക്ക് എട്ടാം ക്ലാസിലെ മുഹമ്മദ് ബാദുഷയ്ക്ക് സെലക്ഷൻ ലഭിച്ചു. ജില്ലാ അത്ലററിക്സ് മത്സരങ്ങളുടെ മുന്നോടിയായി സ്കൂൾതല കായികമേള സ്കൂൾ ഗ്രൗണ്ടിൽ വളരെ ഭംഗിയായി നടന്നു. സബ്ജില്ലാ കായികമേള, ജില്ലാ കായികമേള, സബ്ജില്ലാ ജില്ലാതല ഫുട്ബാൾ മത്സരങ്ങൾ എന്നിവയിൽ മികച്ച പ്രകടനം കാഴ്ചവച്ചു.

# ഭിന്നശേഷി സൗഹൃദവിദ്യാലയം



സെബസ്റ്റീന വർഗീസ്
റിസോഴ്സ് ടീച്ചർ

വിദ്യാഭ്യാസ അവകാശ നിയമപ്രകാരം ഇൻക്ലൂസീവ് എജ്യൂക്കേഷൻ എന്ന ആശയത്തിലൂന്നി സംസ്ഥാനമൊട്ടാകെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി അവരെ മുൻ നിരയിലെത്തിക്കുന്നതിനായി വിവിധ പരിപാടികൾ നടപ്പിലാക്കിവരുന്നു. ഇത്തരം കുട്ടികൾ സമൂഹത്തിൽ മാററി നിർത്തേണ്ടവരല്ല എന്നും അവരും നാമോരുത്തരെയും പോലെ എല്ലാ അവകാശങ്ങളും അർഹിക്കുന്നവരാണെന്നും നാം തിരിച്ചറിയേണ്ടവരുണ്ട്. 2011 മുതൽ ജി. എച്ച്. എസ്. റിപ്പണിൽ ഐ. ഇ. ഡി. സി. റിസോഴ്സ് റൂം പ്രവർത്തിച്ചുവരുന്നു. ബി. ആർ. സി. വൈത്തിരിയുടെയും മൂപ്പൈനാട് ഗ്രാമപഞ്ചായത്തിന്റെയും നേതൃത്വത്തിൽ വിവിധ തെറാപ്പികളും റെമഡിയൽ ടീച്ചിംഗും നടന്നുവരുന്നു. പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ നിന്നായി വിവിധ കാററഗറികളിൽപ്പെട്ട 30 കുട്ടികൾക്ക് സെന്ററിന്റെ സേവനം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നു. ഐ. ഇ. ഡി. സി. റിസോഴ്സ് ടീച്ചർ അധ്യാപകരുമായി ചർച്ചനടത്തി പ്രത്യേകപരിഗണന അർഹിക്കുന്ന കുട്ടികളെ മുഖ്യധാരയിലെത്തിക്കുന്നതിന് സഹായിക്കുകയും ചെയ്യുന്നു. കുട്ടികളിൽ പഠനതാത്പര്യം ഉണ്ടാക്കുന്നതിനായി ശനിയാഴ്ച്ചകളിൽ ക്രിയേററീവ് ഹോളിഡേ, വ്യാഴം വെള്ളി ദിവസങ്ങളിലായി സ്പീച്ച് തെറാപ്പി, ഫിസിയോ തെറാപ്പി, കൂടാതെ രക്ഷിതാക്കൾക്കായി തൊഴിൽ പരിശീലനം, കിടപ്പിലായ കുട്ടികൾക്ക് ഗൃഹകേന്ദ്രീകൃത വിദ്യാഭ്യാസം, കൂടാതെ ഹെഡ്മാസ്റ്റർ, അധ്യാപകർ, പി. ററി. എ. എന്നിവരുടെ നേതൃത്വത്തിൽ ഗൃ ഹസന്ദർശനം എന്നിവയും നടന്നുവരുന്നു.

# ഉച്ചഭക്ഷണ പദ്ധതി നമ്മുടെ വിദ്യാലയത്തിലും



നബീസ
സ്കൂൾ നൂൺ മീൽ

ജാതിമതലിംഗവർണ്ണവർഗ്ഗ വിവേചനമില്ലാതെ സാമൂഹികപരവും ആരോഗ്യപരവും വിദ്യാഭ്യാസപരവുമായി മുന്നോക്കം നിൽക്കുന്ന ഒരു തലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിവരുന്നതാണ് ഉച്ചഭക്ഷണപദ്ധതി. ഈ അധ്യയനവർഷത്തിൽ മികച്ചനിലവാരത്തോടും കാര്യക്ഷമമായും ഉച്ചഭക്ഷണം നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ നടത്തിപ്പിൽ ഹെഡ്മാസ്റ്റർ, പി. ററി. എ., മദർ പി. ററി. എ., ഉച്ചഭക്ഷണകമ്മിററി, അധ്യാപകർ, പാചകത്തൊഴിലാളി എന്നിവർ അവരുടേതായ ചുമതലകൾ നിർവഹിച്ചുവരുന്നു. പദ്ധതിയുടെ ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണത്തോടൊപ്പം പയറുവർഗ്ഗങ്ങൾ, പച്ചക്കറികൾ, ഇലക്കറികൾ, എണ്ണയും കൊഴുപ്പും, തേങ്ങ തുടങ്ങിയവ ഉൾപ്പെടുത്തിവരുന്നു. കുട്ടികൾക്ക് പ്രതിദിനം ലഭിക്കേണ്ട ഭക്ഷണത്തിന്റെ അളവും കലോറിമൂല്യവും പ്രോട്ടീനും കണക്കിലെടുത്താണ് ഇവ നൽകുന്നത്. കൂടാതെ പാൽ, മുട്ട തുടങ്ങിയ പോഷകാഹരവും മാസത്തിൽ ഒരുതവണ പായസം, ചിക്കൻകറി, മീൻകറി മുതലായവയും ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്തിവരുന്നത് പദ്ധതിയുടെ വിജയമായി കണക്കാക്കുന്നു.

# ലൈബ്രറി



**ജുമീന. എ. എസ്**
**ലൈബ്രറി ഇൻ ചാർജ്**

മികച്ചവായന മാനവനെ വളർത്തുന്നു. ഓരോ പഠിതാവിനും പഠനത്തോടൊപ്പം ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് വായന. ഈ വിദ്യാലയത്തിൽ ലൈബ്രറി, വായനാമുറി എന്നിവയ്ക്കുള്ള ഭൗതികസൗകര്യങ്ങൾ ഇല്ലായെങ്കിലും വിപുലമായ ഒരു ലൈബ്രറിയുണ്ട്. മലയാളം, ഇംഗ്ലീഷ് ഹിന്ദി, അറബിക്, ഭാഷാനിഘണ്ടുക്കൾ, ഗണിതം, ശാസ്ത്രം, വിവരസാങ്കേതികവിദ്യ, മന:ശാസ്ത്രപ്രബോധിനി ഗ്രന്ഥങ്ങൾ, ബാലസാഹിത്യ കൃതികൾ, വിശ്വവിജ്ഞാനകോശങ്ങൾ, ചരിത്രപുസ്തകങ്ങൾ തുടങ്ങി വൈവിധ്യമാർന്ന രണ്ടായിരത്തിലധികം ഗ്രന്ഥങ്ങളിലൂടെ വിദ്യാർത്ഥികൾക്ക് വായനാസാഹചര്യം ഒരുക്കുന്നു. പുസ്തകങ്ങൾ വായിക്കുവാനും പുസ്തകാഭിരുചി വികസിപ്പിക്കുവാനുമുള്ള ശീലം ഉണ്ടാക്കുവാൻ ഒന്നുമുതൽ പത്താംതരംവരെ വായനാമൂല സജ്ജമാക്കിയിട്ടുണ്ട്. ഗാർഹികാന്തരീക്ഷവും പ ുസ്തകവുമായി ബന്ധിപ്പിക്കുന്തിന അമ്മവായന എന്ന പദ്ധതി രൂപപ്പെടുത്തുകയും ബാല കഥാകവിതകൾ അമ്മവായനയിലൂടെ കുട്ടികളിൽ പ്രത്യേക ആസ്വാദനരീതി ജനിപ്പിക്കുന്നതിനും വിവിധരചനകളുടെ ആസ്വാദന ക്കുറിപ്പുകൾ തയ്യാറാക്കി മികച്ചവയെ വിദ്യാലയസഭയിൽ അനുമോദിക്കുന്നതിനും പ്രേരകശക്തിയായി വിദ്യാലയലൈബ്രറി പ്രവർത്തിച്ചുവരുന്നു.

വിദ്യാർത്ഥികളുടെ ജന്മദിനത്തോടനുബന്ധിച്ച് വിദ്യാലയ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ സംഭാവനചെയ്യുന്നപ്രവൃത്തിയുടെ ഉദ്ഘാടനം വായനാദിനത്തിൽ സ്കൂൾലീഡർ പ്രധാനാധ്യാപകന് നൽകിക്കൊണ്ട് നിർവഹിച്ചു. വൈവിധ്യമാർന്ന പുസ്തകശേഖരത്താൽ സമ്പന്നമാണ് ഈ വിദ്യാലയത്തിലെ ഗ്രന്ഥശാല. എന്നാൽ നിലവിലുള്ളപുസ്തകങ്ങൾ വിഷയാനുസരണം തരംതിരിച്ചിട്ടില്ലാതിരുന്നതിനാൽ വായന ക്കാർക്ക് ആവശ്യമായ പുസ്തകം കണ്ടെത്തിയെടുക്കുക എന്നത് ദുഷ്കരമാണ്. ശാസ്ത്രീയ ഗ്രന്ഥശാലാപരിപാലനത്തിന്റെ തത്വങ്ങൾ അനുസരിച്ച് പുസ്തകങ്ങൾ തരംതിരിച്ച ഗ്രന്ഥശാലയും അതിന്റെ കാറ്റലോഗും വായനക്കാർക്ക് പുസ്തകങ്ങളെ കണ്ടെത്തുന്നതിന് സഹായകമാകും എന്നത് യാഥാർത്ഥ്യമാണ്. അടുത്ത അധ്യയനവർഷം ഉപയോഗപ്രദമാകുന്നതരത്തിൽ ഈ വിദ്യാലയത്തിൽ ലൈബ്രറി കാററലോഗ് തയ്യാറാക്കുന്നതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇനിയും വികസനം ആവശ്യപ്പെടുന്നപാതയിലാണ് ലൈബ്രറിയുടെ പ്രവർത്തനം ഇപ്പോഴും മുന്നേറുന്നത്.

# സ്കൗട്ട്സ് ഗൈഡ്സ് കബ്സ്

തയ്യാറാവുക എന്ന ആപ്തവാക്യത്തിൽ അടിയുറച്ചുകൊണ്ട് വിദ്യാർത്ഥികളെ കർമ്മോത്സുകരാക്കുന്ന പഠനാനുഭവങ്ങൾ നൽകുന്ന പ്രസ്ഥാനങ്ങളാണ് സ്കൗട്ട്സ് ഗൈഡ്സ് കബ്സ് തുടങ്ങിയവ. ഗവ. എച്ച്. എസ്സ്. റിപ്പണിന്റെ ചരിത്രത്തിലെ ആദ്യ സ്കൗട്ട്സ് ഗൈഡ്സ് കബ്സ് യൂണിററുകൾ ഈ അധ്യയനവർഷത്തിൽ ആരംഭിച്ചു. എൽ. പി. വിഭാഗം വിദ്യാർത്ഥികൾക്ക് കബ്സ്, യു. പി. വിഭാഗം ആൺകുട്ടികൾക്ക് സ്കൗട്ട്സ്, യു. പി. വിഭാഗം പെൺകുട്ടികൾക്ക് ഗൈഡ്സ് എന്ന ക്രമത്തിൽ പഠനപ്രവർത്തനങ്ങൾ നടന്നുവരുന്നു. പഠനത്തോടൊപ്പം ഈ വിദ്യാർത്ഥികൾക്ക് പത്താംക്ലാസിൽ ഗ്രേസ് മാർക്കിനുള്ള അവസരവും ലഭിക്കുന്നു.



സൽമാൻ വി
കബ് മാസ്റ്റർ



ആഷിഫ്അലി കെ എസ്
സ്കൗട്ട് മാസ്റ്റർ



ജപലാൽ സിംഗ് ജെ പി
സ്കൗട്ട് മാസ്റ്റർ



ജുമീന എ എസ്
ഗൈഡ്സ് ക്യാപ്ററൻ



# ജുമാനയുടെ കവിതകൾ

## വിദ്യാലയം



ജുമാന എം
ക്ലാസ് 10 ബി

വിദ്യതൻ പൂക്കൾ വിരിയുന്ന വിദ്യാലയം
വിദ്യതൻ പൂക്കൾക്ക് സുഗന്ധം കുറവല്ലായിരുന്നു
വിദ്യാലയമായ പൂന്തോട്ടത്തിലായത് കൊണ്ട്
ഇവിടെനിന്നാദ്യാക്ഷരം ഞാൻ ഗ്രഹിച്ചു
അറിവ് മാത്രമല്ലിവിടുത്തെ ലോകം
സൗഹൃദം പൂക്കളായ് വിടർന്നതിവിടെ
ഗുരുവും എനിക്കെന്റെ സുഹൃത്തിനെപ്പോൽ
ജീവിതത്തിന്നാദ്യപടികൾ കയറി ഞാൻ
ഈ വിദ്യാലയ പൂന്തോപ്പിൽ നിന്ന്
ഇവിടെ വിരിഞ്ഞ പൂക്കളുടെ സുഗന്ധം പ
കർന്നത് അറിവ് മാത്രമായിരുന്നില്ല
നന്മയും സംസ്കാരവും സ്വവ്യക്തിത്വ
വും കൂടിയായിരുന്നു

വിദ്യാലയമായ പൂന്തോപ്പിൽ വിദ്യാർത്ഥി
കൾ ശലഭങ്ങളെപ്പോലെ
ജാതിയും മതവും വസ്ത്രവും നോക്കാതെ
കളിയും ചിരിയും കുസൃതിയുമായി
ഒരുമിച്ചും ഒപ്പമിരുന്നും പഠിച്ചു
നനയാതിരിക്കില്ലെൻ മിഴികളൊന്നും
ഈ വിദ്യാലയത്തിൻ പടിയിറങ്ങുമ്പോൾ
എന്റെ വീടായ് സ്വപ്നമായ് ജീവിത
മായ് നിന്ന ഈ മനോഹര പൂങ്കാവനത്തിൽ നിന്ന്






ജുമാന എം

സ്നേഹം പൊഴിയുന്ന ഇലകൾ പോൽ
തൂവൽ പോൽ ലോലമായ്
സ്നേഹം മരുഭൂമിയിലെ ഒരിററു ജല
ത്തുള്ളിയായ് മാറി
ഇന്നീ സമൂഹം വർഗ്ഗീയതയ്ക്കായ്
കപടസ്നേഹം നടിക്കുന്നു
ശാന്തിതൻ രൂപമായ് സ്നേഹം
തൂവൽപോൽ ലോലമായ് സ്നേഹം
അമ്മതൻ താരാട്ടിൽ സ്നേഹം
പക്ഷെ ഇന്നത് രാക്ഷസരൂപം
അമ്മ മക്കൾക്കിടയിലില്ലിന്ന് സ്നേഹം
സ്നേഹം തിമിരകാഴ്ച്ചയായ് മാറി
പെണ്ണിന   കാമുകനോടിന്ന് സ്നേഹം
പെററമ്മയെപ്പോൾ വാവിട്ടവാക്കുപോൽ
സ്നേഹത്തൂവൽ പൊഴിഞ്ഞിടുന്നു
സ്നേഹം അജ്ഞാതമായിടുന്നു

# യാത്രാമൊഴി



ജുമാന എം

നിന്നോടെനിക്ക് പ്രണയമായിരുന്നു
എന്റെ മനസ്സിലെ നിശബ്ദതയിലെപ്പോഴും
നിന്റെ ശബ്ദം മാത്രമാണ്
ഉണ്ണാതിരുന്ന ഓരോ ദിനത്തിലും
നീ തന്ന ചോറിന് ഞാനറിഞ്ഞ
ത് പ്രണയത്തിന്റെ രുചിയേയായിരുന്നു
പ്രത്യാശയുടെ ദീപം ആദ്യമായ്
തെളിയിച്ചുതന്നത് നീയായിരുന്നു
ഉറങ്ങാത്ത രാത്രികളിലെങ്ങും എന്റെ
ഹൃദയം നിന്നോടായ് സംസാരിച്ചിരുന്നു
നീ തന്ന പൂവിനെന്നും പ്രണയ
ത്തിൻ ഗന്ധമായിരുന്നു
മടുപ്പിക്കുന്ന പഠനനാഴികകൾക്കിടയിലും
ഉറക്കച്ചടവിൻ അലസതക്കിടയിലും
ക്യാമ്പസുകളിലെ രാഷ്ട്രീയത്തിനിടയിലും
എന്റെ ഹൃദയത്തിൽ ഞാൻ നിന്റെ
പൂമുഖം വരച്ചിരുന്നു
നിന്നോട് പറയാതിരുന്ന ആ പ്രണയ
ത്തിൻ വേദന വിരഹത്തിന്റേതായിരുന്നുവെങ്കിൽ !
ഒരുപാട് രാത്രികൾ എൻ കണ്ണുകൾ നി
ന്നെക്കാണാൻ കൊതിച്ചിരുന്നു
നീ പോയദിനങ്ങളിൽ നിന്റെ ശബ്ദത്തി
നായ് എൻ കാതുകൾ കാതോർത്തിരുന്നു
ഈ കലാലയജീവിതം അവസാനിക്കുന്നു
ഒരു വിടവാങ്ങൽ അനിവാര്യമാകവെ
വിദ്യാലയത്തിൻ പടവുകൾ ഇറങ്ങിടട്ടെ ഞാൻ
ജീവിതപ്പടവുകൾ പടുത്തുയർത്താൻ !

# രണ്ട് കുടങ്ങൾ



നേദ ഫാത്തിമ

ഒരു ദിവസം നല്ല മഴയായിരുന്നു. പല വീടുകളിലും വെള്ളം കയറി. ഒരു വീട്ടിൽ നിന്ന് രണ്ട് കുടങ്ങൾ ഒലിച്ച് ഒരു നദിയിലെത്തി. ഒരു മൺകുടവും ചെമ്പുകുടവുമായിരുന്നു അവ. അപ്പോൾ ചെമ്പുകുടം പറഞ്ഞു " എന്നെ ചെമ്പുകൊണ്ടുണ്ടാക്കിയതാണ് നിന്നെ മണ്ണുകൊണ്ടും നീ വേഗം ഒലൊച്ചുപോകും നീ വാ നിന്നെ ഞാൻ രക്ഷിയ്ക്കാം". "നിന്റെ ഈ ദയയ്ക്കു നന്ദി. എനിക്കു പ്രശ്നമൊ ന്നുമില്ല. ഞാൻ എങ്ങനെയെങ്കിലും കരയിൽപററി കയറിക്കോളാം". മൺകുടം എങ്ങനെയോ കരയിൽ കയറിപ്പററി. ചെമ്പുകുടം എത്ര ശ്രമിച്ചിട്ടും കരയിൽ കയറാൻ കഴിഞ്ഞില്ല. നല്ല കാററും മഴയും വന്നപ്പോൾ ചെമ്പുകുടം വെള്ളത്തിൽ മുങ്ങി. പിന്നെ ഒലിച്ചുപോവുകയും ചെയ്തു. മൺകുടം അക്കരെ നിന്ന് നോക്കിയപ്പോൾ ചെമ്പുകുടത്തെ കാണാൻ കഴിഞ്ഞില്ല.

# കൂട്ട സഞ്ചാരി

നേദ ഫാത്തിമ

ഒരിടത്തൊരു ജാക്ക് എന്ന് പേരുള്ള ഒരു യുവാവാണ് താമസിച്ചിരുന്നു.അവൻ ഒരു ചെറിയനഗരത്തിൽ താമസിച്ചിരുന്നു. ലോകംചുറ്റണമെന്ന് അവൻ എപ്പോഴും ആഗ്രഹിക്കുമായിരുന്നു.അവൻ ഒരു നല്ലമനസുള്ളവനായിരുന്നു. കുറെ വർഷങ്ങളുടെ കഷ്ടപ്പാടിന്ന് ശേഷം അവൻ 25 സ്വർണ്ണ നാണയങ്ങൾ സമ്പാദിച്ചു അങ്ങനെ അവൻ എല്ലാ പണവും ഒരു ചെറിയ പൊതിയിലാക്കി. സ്വപനം പൂർത്തിയാക്കാൻ ഇറങ്ങി തിരിച്ചു.അവൻ ദിവസങ്ങൾ നടന്നു നടന്നു നടന്ന് അവൻ ഒരു പഴയ വീടിനുമുന്നിലെത്തി അവൻ പറഞ്ഞു ആരായിരിക്കും കാടിന്റെ ഇത്രയും ഉള്ളിൽ കൊണ്ട് വീട് വച്ചത് തീർച്ചയായും ഇവിടെ ആരും താമസിക്കുന്നില്ല ഇന്ന് രാത്രി ഞാൻ ഇവിടെ ആരും താമസിക്കുന്നില്ല ഇന്ന് രാത്രി ഞാൻ ഇവിടെ താമസിക്കും ഹൗ... ഈ വീടിനെ അനുബദ്ധിച്ച് ഈ ഷവപ്പെട്ടി പുതിയതാണല്ലോ ഇത് ഇവിടെകാണുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല ജാക്ക് വീടിന്റെ വാതിൽക്കൽ ഇരുന്നു. തളർന്നതുകൊണ്ട് അവൻ ഉറങ്ങിപ്പോയി അവൻ സ്വപനത്തിൽ ഒരു പെൺ കുട്ടിയെകണ്ടു.അവൾ ഒരു വെള്ള വസ്ത്രം ധരിച്ചിരുന്നു നല്ല കറുത്തകണ്ണുകളും നല്ല നീണ്ടമുടിയുമുണ്ടായിരുന്നു അവൾക്ക്. ജാക്കിനെ ഉടനടി അവൾക്ക് ഇഷ്ടമായി ജാക്ക് അവളുടെ കൈപിടിക്കുന്നതിന്ന് മുമ്പ് അവൻ എഴുന്നേറ്റു ഹേ എന്തുപറ്റി അപ്പോൾ അവിടേക്ക് രണ്ട് കള്ളൻ മാർകയറിവന്നു ഒരാൾ പറഞ്ഞു എന്ത് മറ്റയാൾ ഷ്...... നമ്മളെ കേൾക്കാൻ വേറാരുമില്ലെ ഇവിടെ ആദ്യംപറഞ്ഞ ആൾ പറഞ്ഞു വാ നമുക്ക് ആദ്യം തന്നെ അവന്റെ നാണയങ്ങൾ എടുക്കാം പിറകിൽ നിന്ന് കേട്ട ജാക്ക് പറഞ്ഞു. നിൽക്കു നിങ്ങൾ എന്താണിവിടെ ചെയ്യുന്നത് കേട്ട ജാക്ക് പറഞ്ഞു ന്ൽക്കുനിങ്ങൾ എന്താണിവിടെ ചെയ്യുന്നത് അപ്പോൾ ഒരാൾ പറഞ്ഞു നീ ആരാണ് എന്റെ പേര് ജാക്ക് എന്നാണ് നിങ്ങൾ എന്തിനീണ് ഈ പാവത്തിന്റെ ശവപ്പെട്ടി തകർകുന്നത് പാവമൊ ഇയാൾ ഞങ്ങളുടെ കയ്യിൽ നിന്ന് പണം കടം വാങ്ങിയിട്ടുണ്ട് പക്ഷെ അത് തിരികെ തന്നിട്ടില്ല ഈ നാണയങ്ങൾഎടുക്കാൻവേണ്ടി മാത്രമാണ് ഞങ്ങൾ ഇവിടെ വന്നത് അപ്പോൾ ജാക്ക് പറഞ്ഞു ഇയാൾ ഇപ്പോൾ ജീവനോടെ ഇല്ലല്ലോ ശവപ്പെട്ടി തകർക്കുന്നത് തെറ്റാണ് ഇന്നാ ഈ ഇരുപത്തി അഞ്ച് നാണയങ്ങൾ നിങ്ങൾ കൊണ്ട് പോയ്ക്കോളു പക്ഷെ നിങ്ങൾ ഈ ശവപ്പെട്ടി തകർക്കരുത് ഇത് വളരെ കൂടുതൽ ആണ് .
ഇയാൾക്ക് ഇതിലും കൂടുതലാണ് കൊടുക്കേണ്ടത് ശരി ഞങ്ങൾ സമ്മതിക്കാം ഞങ്ങൾ ശവപ്പെട്ടി തുറക്കില്ല ജാക്കിന്റെ കയ്യിൽ ഇനി ഒരു നാണയം പോലും അവശേഷിക്കുന്നില്ല പക്ഷെ അവനറിയാമായിരുന്നു താൻ ഒരു നല്ല കാര്യമാണ് ചെയ്തത് എന്ന് അവൻ വീണ്ടും ഉറങ്ങി ആ സുന്ദരിയായ പെണ്ണിനെ സ്വപ്നത്തിൽ വീണ്ടും കാണാൻ ശ്രമിച്ചു പക്ഷെ സ്വപ്നം പോയി അതോടൊപ്പം പെണ്ണും ജാക്ക് അങ്ങനെ ഉറങ്ങിപോയി പോയി നേരം വെളുത്തപ്പോൾ ജാക്ക് ആ വീട് വിട്ട് പുറത്തേക്കിറങ്ങി കാറ്റും കൊണ്ട് അങ്ങനെ നടന്നു കുറച്ച് സമയം കയിഞ്ഞ് അവൻ ഒരു കാര്യം സ്രദ്ധിച്ചു അവിടെ ഒരാൾ ഉണ്ടായിരുന്നു അയാൾ പറഞ്ഞു ഞാൻ ഇവിടെ എനിക്ക് ഇവിടെ നിൽക്കണം ഈ സ്ഥലം സുന്ദരമാണ് എനിക്ക് എപ്പോഴും ഇങ്ങോട്ട് വരണം അപ്പോൾ ജാക്ക് ചോദിച്ചു നിങ്ങൾക്ക് വഴി തെറ്റിയതാണോ അപ്പോൾ അയാൾ ചിരിച്ച് കൊണ്ട് പറഞ്ഞു എനിക്ക് എനിക്ക് വഴി തെറ്റില്ല ഞാൻ ലോകം ചുറ്റാൻ ഇറങ്ങിയതാണ് എനിക്ക് ഒരു കൂട്ട് വേണം അപ്പോൾ ജാക്ക് പറഞ്ഞു ഞാൻ വരാം നിങ്ങൾക്ക് കൂട്ടിന്ന് ഞാനും ലോകം ചുറ്റാൻ ഇറങ്ങിയതാണ് അങ്ങനെ അവർ

രണ്ട് പേരും റെയിൽവേ സ്റ്റേഷനിലെത്തി അപ്പോൾ ജാക്ക് പറഞ്ഞു എന്റെ കയ്യിൽ പണമില്ല അപ്പോൾ അയാൾ പറഞ്ഞു പണം ഞാൻ കൊടുത്തോളാം അങ്ങന അവർ യാത്രതുടങ്ങി യാത്രക്കിടയിൽ അവർ ഒരു കൊട്ടാരത്തിൽ എത്തി ജാക്ക് സ്വപ്നത്തിൽ കണ്ട ആ സുന്ദരിയെ അവിടെ കണ്ടു.ജാക്ക് ആ സുന്ദരിയോട് ചോദിച്ചു എനിക്ക് നിങ്ങളെ കല്യാണം കയിക്കീന് താൽപര്യമുണ്ടെന്ന് അപ്പോൾ കല്യാണെ കയിക്കാം എനിക്ക ഞാൻ ആഗ്രഹിക്കുന്ന ഒരു സാധനം കൊണ്ട് വന്ന് തരണം എങ്കിൽ ഞാൻ തയ്യാറാണ് എനിക്ക് ആകാശത്തെ മലമുകളിൽ ഒരു പക്ഷി യുണ്ട് അതിനെ എനിക്ക് കൊണ്ട് വന്ന് തരണം ജാക്ക് സമ്മതിച്ചു ഉടൻതന്നെ ജാക്കും ജാക്കിന്റെ കൂടെയുള്ള സഞ്ചാരിയും അങ്ങോട്ട് പുറപ്പെട്ടു പക്ഷെ ജാക്കിന് കിട്ടിയ സുഹ്രത്ത് ആ കോട്ടയിൽ കണ്ട ശവപ്പെട്ടിയിലെ രാക്ഷസനായിരുന്നു

# ഉപ്പ



ഇർഷാൻ
8 ബി



ഉപ്പ എന്നുപ്പാ പൊന്നുപ്പാ
എൻ ചാരെ ഉണ്ട് എന്നുപ്പാ
ഉപ്പാന്റെ മടിയിൽ കിടന്നുറങ്ങീ ഞാൻ
ഉപ്പാന്റെ കൂടെ നടന്നുവല്ലോ

തെററിൽ നിന്നും കരകടത്തി എന്നെ
നന്മയിലേക്കെന്നെ വിളിച്ചുവരുത്തി
ഉപ്പാ എന്നോടു പറയുമായിരുന്നു
അങ്ങോട്ടുമിങ്ങോട്ടുമലയരുതേ നീ

പോവരുതേ ലഹരിയിൽ പോകരുതേ
പോയിട്ടു പിന്നെ പറയരുതേ
ആ കണ്ണുകൊണ്ടൊരു നോട്ടം മതി
സന്മാർഗേ ഞാൻ നടന്നീടാൻ

# പ്രളയം



ആഷിദ
7 എ

പെയ്തുതോരാത്ത മഴയും കവിഞ്ഞൊഴുകിയ പുഴയും ഇത് ഒരു പഴഞ്ചൊല്ലല്ല. നമ്മൾ നമ്മുടെ കണ്മുന്നിൽ കണ്ടറിഞ്ഞതാണ്. ഇതിനുകാരണം നമ്മൾ തന്നെയാണ്. നാമോരോരുത്തരും ചെയ്തുകൂട്ടിയതിന്റെ തിരിച്ചടിയാണ് ഇപ്പോൾ പിഞ്ചുകുഞ്ഞുങ്ങൾ പോലും അനുഭവിക്കുന്നത്. മാത്രമല്ല, നമ്മുടെ കൂട്ടത്തിൽ പലരും ഇപ്പോഴും വീടില്ലാതെ കഴിയുന്നു. പലയിടത്തും ഉരുൾപൊട്ടും മണ്ണിടിച്ചിലും നടന്നപ്പോൾ ഭൂരിഭാഗം പേരുടെയും വീടും വസ്ത്രവും നഷ്ടപ്പെട്ടു. അവർക്ക് ഒന്ന് മാറിയുടുക്കാൻ ഒരു വസ്ത്രം പോലും ബാക്കിവച്ചില്ല. ഇത് വലിയൊരു പാഠമാണ്. പ്രകൃതിയെ വിറപ്പിച്ചുകൊണ്ട് വന്ന മഴ തിരികെപ്പോയത് ഒററയ്ക്കല്ല. കുറെ ജീവനും കൊണ്ടാണ്. പ്രളയത്തിന്റെ പ്രയാണമായാണ്.



# ധിക്കാരി കുതിര



റിയ ഫാത്തിമ
5 എ

ഒരു കർഷകന് ഒരു കുതിരയും ഒരു കഴുതയും ഉണ്ടായിരുന്നു. കുതിരയെ യാത്ര ചെയ്യാനും കഴുതയെ ഭാരം ചുമക്കാനുമാണ് ഉപയോഗിച്ചിരുന്നത്. ഒരു ദിവസം കർഷകൻ കുതിരയേയും കഴുതയേയും കൂട്ടി പട്ടണത്തിലേക്ക് സാധനങ്ങൾ വാങ്ങുവാനായി പോയി. കഴുത കുതിരയോട് പറഞ്ഞു സുഹൃത്തേ എനിക്ക് ഈ ഭാരവും കൊണ്ട് നടക്കാൻ വയ്യ. ഈ ഭാരത്തിൽ അൽപം നിനക്ക് ചുമക്കാമോ ? ധിക്കാരത്തോടെ കുതിര പറഞ്ഞു ചുമടുകൾ വഹിക്കേണ്ടത് നീയാണ് യജമാനനെ കൊണ്ടുപോകൽ മാത്രമാണ് എന്റെ ജോലി. കഴുത ഏന്തിവലിഞ്ഞ് കുറച്ചുദൂരം മുന്നോട്ടുപോയി. അവൻ ക്ഷീണിച്ചുതളർന്നു. വായിൽ നിന്ന് നുരയും പതയും വരാൻ തുടങ്ങി. ഇത് കണ്ട കർഷകൻ കഴുതയുടെ പുറത്തെ ഭാരമെല്ലാം കുതിരയുടെ പുറത്തേക്ക് മാററി. നേരത്തേ കഴുത പറഞ്ഞത് കേട്ടിരുന്നെങ്കിൽ ഈ ഭാരത്തിന്റെ അൽപം മാത്രം ചുമന്നാൽ മതിയായിരുന്നു കുതിര വിചാരിച്ചു.





# വനം



ജെഹാന ഷെറിൻ
8 ബി

ഒരു കാട്ടിൽ ധാരാളം മൃഗങ്ങൾ ഉണ്ടായിരുന്നു. അവരെല്ലാം നല്ല സുഹൃത്തുക്കൾ ആയിരുന്നു. ഒരുനാൾ ആ കാട്ടിൽ ധാരാളം ആളുകൾ വന്നു. എന്തിനാണ് വന്നതെന്ന് മൃഗങ്ങൾക്കൊന്നും മനസിലായില്ല. കാട് അളക്കുന്നത് കണ്ടപ്പോൾ കാട് വെട്ടിത്തെളിക്കുകയാണെന്ന് മനസ്സിലായി. ജീവികളെല്ലാം എന്തുചെയ്യണമെന്നറിയാതെ മുഖത്തോടുമുഖം നോക്കിനിന്നു. പിറേറദിവസം അതേ ആൾക്കാർ വന്ന് മരങ്ങളും മലയും വെട്ടിയും പൊട്ടിച്ചും പണി തുടങ്ങി. ഇത് എങ്ങനെയെങ്കിലും നിർത്തിക്കണമെന്ന് മൃഗങ്ങൾ ആലോചിച്ചു. മനുഷ്യന്മാർക്ക് പേടിയുള്ള മൃഗങ്ങൾ ആദ്യം പോയി. അവയെ മനുഷ്യന്മാർ പിടികൂടി കൂട്ടിൽ അടച്ചു. അങ്ങനെ ചെറിയ മൃഗങ്ങൾ മാത്രമായി. കുറച്ച് വർഷങ്ങൾ കഴിഞ്ഞു. അവിടെ ഫ്ളാററുകളും വീടുകളും വന്നു. അതിശക്തമായ മഴ പെയ്തു. വെള്ളം നിറഞ്ഞുപൊങ്ങി. വിടുകൾ മുങ്ങി. ഉരുൾപൊട്ടലുകൾ ഉണ്ടായി. ഫ്ളാററുകൾ തകർന്നു. ആ പ്രദേശം മുഴുവൻ ഒലിച്ചുപോയി.



# പി.ടി.എ & സ്റ്റാഫ്







അഭിനന്ദനങ്ങൾ !
ലിറ്റിൽ കൈറ്റ്സ്
അനിമേഷൻ വിഭാഗത്തിൽ
വയനാട് ജില്ലാതല ക്യാമ്പിലേക്ക്
സെലക്ഷൻ ലഭിച്ച
മൻസൂർ
വയനാട് ജില്ലാ വിദ്യാരംഗം
യു. പി. വിഭാഗം
കവിതാലാപനം
മത്സരത്തിലേക്ക്
സെലക്ഷൻ ലഭിച്ച
ഇർഫാന ഷെറിൻ
വയനാട് ജില്ലാ കലോത്സവത്തിൽ
ഹൈസ്കൂൾ വിഭാഗം
മോണോആക്ട് A ഗ്രേഡ് സെക്കന്റ്
കരസ്ഥമാക്കിയ മുഹമ്മദ് മിർഷാദ്. പി
വയനാട് ജില്ല
ഖൊ ഖൊ ടീമിലേക്ക്
സെലക്ഷൻ ലഭിച്ച
മുഹമ്മദ്

# വ്യഥ



രമ്യ കെ ടി
അധ്യാപിക

വിജനമാം വീഥിയിൽ ഏതോ ഒരു
നിഴലായ് യാത്ര തുടരുമ്പോൾ
സ്വപ്നങ്ങൾ ഒരു വഴിവിളക്കായ് തെളിയവെ
ഓർമ്മതൻ നൊമ്പരങ്ങൾ എന്നും ഒരു
നിഴലായ് പിന്തുടരുന്നുവോ
നഷ്ടസ്വപ്നങ്ങൾ എന്നും ഒരു
ദു:ഖമായ് മാറുമ്പോൾ
കാലചക്രത്തിൽ തേരേറി പോകവെ
ദു:ഖങ്ങൾ എന്നുമെൻ കൂട്ടുകാരായ്
മോഹങ്ങൾ എന്നുമൊരു നെടുവീർപ്പായ് മാറുമ്പോൾ
സാന്ത്വനങ്ങൾ ഏതോ മുഖം മൂടിയണിയുന്നുവോ
പവിത്രമാം സ്നേഹത്തിൽ
കാപട്യത്തിൻകരിനിഴൽചിത്രം പതിയുന്നുവോ ....



# നാൾവഴികളിലൂടെ...












റിപ്പൺ ഗവ:ഹൈസ്ക്കൂൾ
പ്രവേശനോദ്ഘാടനം


റിപ്പൺ L-P സ്കൂൾ കെട്ടിട
നിർമാണ പ്രവൃത്തി ഉദ്ഘാടനം
P.P.A. കരീം



















# നന്മ




മുഹമ്മദ് ഷിഫാൻ
ക്ലാസ് 2 എ

നന്നായ് പഠിക്കണം
ഒന്നായ് കളിക്കണം
നേരു പറയണം
നേരത്തിനുണ്ണണം
നാട്ടിലും വീട്ടിലും
നന്മ പരത്തുന്ന
നല്ലവരായ്
നമ്മൾ തീർന്നിടേണം



# സ്നേഹ ത്തൂവൽ



ഫിദ നസ്റിൻ
ക്ലാസ് 9 എ

ഞാൻ  എൻ ജീവിതത്തിലേക്കൊന്നു തിരിഞ്ഞുനോക്കി
എൻ അമ്മതൻ മടിത്തട്ടിൽ ചാഞ്ഞുറങ്ങാൻ മോഹം
എൻ സഹോദരിയോടൊന്നു മനസ്സു
തുറന്നൊന്നു സംസാരിക്കാൻ മോഹം
എൻ അച്ഛനോടൊന്നവസരം കിട്ടിയാൽ
എൻ ആഗ്രഹങ്ങൾ എൻ മോഹങ്ങൾ
ഒന്നു പറഞ്ഞുസാധിക്കാൻ മോഹം
എൻ സഹോദരന്റെ സ്നേഹം
മുഴുവൻ വാർന്നെടുക്കാൻ മോഹം
എൻ അനുജന്റെ മനസ്സിൽ എനിക്കൊ
രുസ്ഥാനം പിടിച്ചടക്കുവാൻ മോഹം
എൻ ജീവിതത്തിൽ നിന്നും എൻ
ആത്മാവിനെ പിടിച്ചെടുത്ത ജീവിതമേ .....
നിനക്കുതെററി
എൻ മനസ്സുകൾ എൻ മോഹങ്ങളോരോ
ന്നായ് എൻ കുടുംബത്തോട് പറയുമ്പോൾ
എന്നോടുള്ള സ്നേഹം എനിക്ക് മനസി
ലാക്കിത്തന്ന ജീവിതമേ നിനക്കു നന്ദി
ജീവിച്ചിരിക്കുമ്പോൾ എനിക്കറിയാത്ത കാര്യ
ങ്ങൾ മനസിലാക്കിത്തന്ന ജീവിതമേ നിനക്കുനന്ദി
.... നിനക്കു നന്ദി



# ഡിജിറ്റൽ മാഗസിൻ മുന്നൊരുക്കം













# പെരുന്നാൾ വിശേഷം



ഷർസീന
ക്ലാസ് 1 എ

ആമിനയുടെ വീട്ടിൽ നോമ്പുതുറയാണ്. കൂട്ടുകാരെല്ലാം വന്നിട്ടുണ്ട്. നോമ്പു തുറന്നു. എല്ലാവരും ഒന്നിച്ചുഭക്ഷണം കഴിച്ചു. ഞായറാഴ്ചയാണ് പെരുന്നാൾ. എല്ലാവരും വരണേ. ആമിനയുടെ ഉമ്മ പറഞ്ഞു. പെരുന്നാൾ എത്തി. പുതുയ ഉടുപ്പിട്ട് കൂട്ടുകാർ വന്നു. ആമിനയുടെ കൂട്ടുകാർ മൈലാഞ്ചി ഇട്ടു.





# മൂന്ന് നരികളുടെ കഥ



അസ്ന വി
6 എ

ഒരു കാട്ടിൽ മൂന്ന് നരികൾ ഉണ്ടായിരുന്നു. ആ മൂന്ന് നരികളും കൊതിയന്മാരായിരുന്നു. ഒരു ദിവസം ഒരു കിളി ഒരു മരത്തിൽ ഇരിക്കുകയായിരുന്നു. ആ കിളിയെ ഒരു  നരി കണ്ടു. പിന്നെ മററ് രണ്ട് നരികളും കിളിയെ കണ്ടു. ഇവർ ആ പക്ഷിക്കുവേണ്ടി ഓട്ടമത്സ് രത്തിലെന്നപോലെ ഓടാൻ തുടങ്ങി. ഇവർ ഓടുന്ന ശബ്ദം കേട്ട് ആ കിളി പേടിച്ചു. ആ നരികൾ കിളിയുടെ അടുക്കൽ എത്താറായി. അവർ കിളിയുടെ അടുക്കൽ എത്തിയതും കിളി ഒററപ്പാറൽ. പറന്നുപോകുന്നതിനിടെ കിളി പറഞ്ഞു ഞാൻ നിങ്ങളെ പററിച്ചേ നിങ്ങൾക്ക്  ഇങ്ങനെതന്നെ വേണം. എല്ലാവരേയും കൊന്നുതിന്നുതല്ലേ നിങ്ങളുടെ പണി. ഇനി അതൊന്നും നടക്കില്ല. ചിരിച്ചുകൊണ്ട് കിളി പാറിപ്പോയി. നരികൾ പേടിയോടെ തലകുനിച്ച് നിന്നു.





# പൂക്കളുടെ ലോകം




ഇർഫാന ഷെറിൻ
6 എ

ഒരു പൂന്തോട്ടത്തിൽ കുറെ പൂക്കളുണ്ടായിരുന്നു. റോസ്, മുല്ല, ചെമ്പരത്തി, സൂര്യകാന്തി, ഡാലിയ ഇങ്ങനെ പലതരം പൂക്കളുണ്ടായിരുന്നു. അവർക്കെല്ലാം വെള്ളനിറമേ ഉണ്ടായിരുന്നുള്ളൂ. അവർ എപ്പോഴും സങ്കടത്തോടെയായിരുന്നു. നമ്മൾക്കൊന്നും ഒരു നിറവുമില്ലല്ലേ ? നമുക്ക് വേറെ നിറമാവാനുള്ള ഭാഗ്യവുമില്ല റോസ് പറഞ്ഞു. അതുവഴി പാറിവന്ന ഒരു പൂമ്പാററ പറഞ്ഞു എന്താ നിങ്ങൾക്കൊക്കെ വെള്ളനിറം ? എനിക്ക് കണ്ടോ കുറേ വർണ്ണങ്ങൾ ഹ... ഹ... ഹ... അയ്യേ ! ഞങ്ങൾക്ക് കുറച്ചു നിറങ്ങൾ തരുമോ സങ്കടത്തോടെ റോസ് പറഞ്ഞു. ഇല്ല ഞാൻ തരില്ല, എന്റെ നിറത്തിൽ നിന്ന് ഞാൻ നിറം തരുന്ന പ്രശ്നമില്ല ഹ്... അങ്ങനെ പൂമ്പാററ പോയി. അവർ സങ്കടത്തോടെ ഇരുന്നു. അപ്പോൾ അതുവഴി കൂട്ടുകാരായ ഒരു വണ്ടും തേനീച്ചയും വന്നു. അവർ ചോദിച്ചു നിങ്ങൾക്ക് നിറങ്ങളില്ലല്ലോ അയ്യോ കഷ്ടമായല്ലോ നിങ്ങളെ എല്ലാവരും കളിയാക്കില്ലേ ? പൂന്തോട്ടത്തിലെ ഡാലിയ പറഞ്ഞു അതേ ഞങ്ങൾക്ക് നിറങ്ങളില്ല ഇവിടെ വരുന്ന സർവ പ്രാണികളും ഞങ്ങളെ കളിയാക്കും. നിങ്ങൾ ഞങ്ങൾക്ക് നിറങ്ങൾ തരുമോ ? ഞങ്ങളുടെ അടുത്ത് അധികം നിറങ്ങളില്ലല്ലോ എന്തുചെയ്യും ? ഒരു കാര്യം ചെയ്യാം ഞങ്ങൾക്ക് നിറം തന്ന മഴവില്ലിനോട് ചോദിക്കാം തേനീച്ച പറഞ്ഞു. അവർ തേൻ കുടിച്ചുപോയി. ആകാശത്ത് മഴവില്ല് വന്നു. മഴവില്ലേ മഴവില്ലേ ഞങ്ങൾക്ക് നിറം തരാമോ ? സൂര്യകാന്തി അപേക്ഷിച്ചു. കുറച്ചുനേരം കണ്ണടച്ചുനിന്നു. കണ്ണുതുറന്നപ്പോൾ എല്ലാവർക്കും നിറം കിട്ടിയിരിക്കുന്നു. ഉറങ്ങിപ്പോയതുകൊണ്ട് മുല്ലയ്ക്ക് മാത്രം നിറം കിട്ടിയില്ല.





# കുട്ടികൾ വരച്ച ചിത്രങ്ങൾ




ജോമിഷ എസ് ലാൽ -4 എ






മിൻഹ ഫാത്തിമ 1 എ





സിയസെഹറിൻ 1 എ





ജോമിൻ എസ് ലാൽ-1 എ






വാസില ജഹാന 1 ബി

# life



bhadra sankar n
teacher

*life is like light and darkness*
*succeed each other*
*like ups and downs*
*good and bad*
*many times need to drive alone*
*a bumby drive*
*journey from womb to tomb*
*and for a short time*
*at last becomes a memory for a few*
*life is like barren field*
*preparation for a farewell*



# നന്ദി

ഓരോ ഋതുവിനും
ഒരുപാട് കാര്യങ്ങൾ പറയാനുണ്ട് .......
കൊഴിഞ്ഞുവീണയിലകൾപോലെ
ഒരുപാടോർമ്മകൾ ബാക്കിയാക്കിയാണ്
അവയോരോന്നും കടന്നുപോകുന്നത് ....
പുറംകാഴ്ചയിൽനിന്നും
അകക്കാഴ്ചയിലൂടെ ഊർന്നിറങ്ങി
കനവുണർന്ന പുലരിച്ചോപ്പിൽ
ഒരു പുഴയായ് ഒഴുകാൻ കഴിഞ്ഞെങ്കിൽ ധന്യനായി ....

